**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.255 — 25.04.2017 ൽ മറുപടിക്ക്

ആർദ്രം മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>,, പി. ഉണ്ണി<br>,, ആർ. രാജേഷ്<br>,, വി. അബ്ദുറഹിമാൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം മിഷൻ വഴി ആരോഗ്യ രംഗത്ത് ഏതു വിധത്തിലുള്ള മാറ്റങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ; | (എ) | ➤ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.<br>➤ ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക<br>➤ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക<br>➤ രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക<br>➤ 8 മെഡിക്കൽ കോളേജുകളിലെ ഒ.പി.സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക. |
| (ബി) | മിഷന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള ആതുര സേവന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ ഏതെല്ലാം തരത്തിലുള്ള മികവ് വരുത്തുവാൻ ഉദ്ദേശിക്കുന്നു; | (ബി) | ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യത്തോടെയുള്ള കാർഡിയോളജി യൂണിറ്റുകളും മറ്റു സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളും ഘട്ടംഘട്ടമായി ആരംഭിക്കുന്നതാണ്. 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും കിഫ്ബി മുഖാന്തിരം നടക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിനു കീഴിലെ വിവിധ ആശുപത്രികളുടെ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | വികസനത്തിനുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സർക്കാർ ആശുപത്രികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഉപകരണങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെതന്നെ ആരോഗ്യ വകുപ്പിനു കീഴിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 കോടി രൂപയും, തിരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 7 കോടി രൂപയും, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ സ്ഥാപിക്കുന്നതിനായി 17 കോടി 85 ലക്ഷം രൂപയും, 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 20 കോടി രൂപയും, ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിന് 15 കോടി രൂപയും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങൾ ആക്കുന്നതിന് 23 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | സ്ഥാപന നവീകരണത്തിന്റെയും മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാരുടെ നിയമനത്തിന്റെയും രൂപരേഖ, ഫണ്ടിന്റെ ലഭ്യത ഉൾപ്പെടെ അറിയിക്കാമോ? | (സി) | ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യവകുപ്പിൽ മൂന്ന് വർഷം കൊണ്ട് 5,257 തസ്തികകൾ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാർ ഉൾപ്പടെ സൃഷ്ടിക്കുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ